LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ ഏതൊക്കെ റീച്ചുകൾക്ക് സ്ഥലം എടുക്കാൻ തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ കിഫ്ബി സ്ഥലം ഏറ്റെടുക്കാൻ തുക അനുവദിച്ചിട്ടുള്ള റീച്ചുകൾ ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം ജില്ലയിലെ പള്ളിത്തുറ മുതൽ ഒന്നാം പാലം, വർക്കല വരെയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം.

2. മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ ജംഗ്ഷൻ വരെയുള്ള (റീച്ച് - 1 - 0/000 മുതൽ 15/000 വരെ) തീരദേശ ഹൈവേയുടെ നിർമ്മാണം.

3. മലപ്പുറം ജില്ലയിലെ താനൂർ മൊഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള (റീച്ച് - 3- 23/190 മുതൽ 27/040 വരെ) തീരദേശ ഹൈവേയുടെ നിർമ്മാണം

4. കോഴിക്കോട് ജില്ലയിലെ കൊടിക്കൽ മുതൽ കോളാവിപാലം വരെയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം.

5. കോഴിക്കോട് ജില്ലയിലെ കുഞ്ഞാലിമരക്കാർ പാലം മുതൽ കോട്ടക്കൽക്കടവ് വരെയുള്ള തീരദേശ ഹൈവേയുടെ നിർമ്മാണം.

6. കണ്ണൂർ ജില്ലയിലെ പാലക്കോട് മുതൽ കുന്നരു സിറ്റി, രണ്ടുതെങ്ങു വരെയുള്ള തീരദേശഹൈവേയുടെ നിർമ്മാണം.

(ഇ) സ്ഥലം ഏറ്റെടുക്കുന്നതിന് തുക ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കിഫ്ബിക്ക് നൽകിയ റിപ്പോർട്ടിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക കിഫ്ബിയിൽനിന്നും അനുവദിക്കുന്നത്, കിഫ്ബിക്ക് സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്.

വടക്കാഞ്ചേരി മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

110(4120) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളുടെയും റോഡുകളുടെയും പാലങ്ങളുടെയും വിവരങ്ങൾ തരംതിരിച്ച് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഭരണാനുമതി ലഭിച്ചവ, ഭരണാനുമതിക്കായി സമർപ്പിച്ചവ, ബഡ്ജറ്റിൽ ഉൾപ്പെടുത്തിയവ, ടെണ്ടർ ചെയ്തവ, എഗ്രിമെന്റ് ചെയ്തിട്ടുള്ളവ, ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ പുതുക്കിയ ഭരണാനുമതി നൽകേണ്ടിവന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തുറവൂർ-ഓച്ചിറ ദേശീയപാത വികസനം

111(4121) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറവൂർ മുതൽ ഓച്ചിറ വരെയുള്ള ദേശീയ പാതയുടെ വികസനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തുറവൂർ മുതൽ ഓച്ചിറ വരെയുള്ള ദേശീയ പാതയുടെ വികസനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത പ്രദേശത്തെ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചോ; വ്യക്തമാക്കാമോ?

സ്ഥലം ഏറ്റെടുക്കൽ നടപടി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു*.

സ്ഥലമേറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകാൻ നടപടി

112(4122) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കുമ്പോൾ പാതയോരത്തെ കെട്ടിട ഉടമകൾക്ക് പുറമെ അവിടെ വാടകയ്ക്ക് കടയും സ്ഥാപനങ്ങളും നടത്തുന്നവർക്കും നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.